4. അനീഷ് കെ. പി. S/o. ആണ്ടി

5. പ്രനീഷ് S/o. അനിൽ കുമാർ

6. പ്രജിത്ത് @ബാക്കൻ S/o. പ്രകാശൻ

7. മാറോളി ധനേഷ് S/o. ദാസൻ

8. നിജി S/o. ജനാർദ്ദനൻ

9. അജീഷ് S/o. കുമാരൻ

10. വരുൺ. കെ S/o.വിനോദ് കുമാർ

11. സുർജിത്ത് S/o. ചന്ദ്രൻ

12. ശരത്ത് S/o. ശശി

(സി) കേസിലെ മൂന്നാം പ്രതി അജേഷ്, അഞ്ചാം പ്രതി പ്രനീഷ് എന്നിവരൊഴികെ പത്ത് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതി അജേഷ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അഞ്ചാം പ്രതി പ്രനീഷിനെ, കേസിന്റെ ഇതുവരെയുള്ള അന്വേഷത്തിൽ ടിയാൻ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റോഡിൽ എറിഞ്ഞതായി വെളിവായിട്ടുണ്ട്.

(ഇ) ഇല്ല. അഞ്ച് വർഷത്തോളമായി സരോജിനി എന്ന സ്ത്രീ സന്ധിവാതം, ആസ്ത്മ, സോഡിയം കുറഞ്ഞതുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവ കാരണം പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്നുവെന്നും ടിയാളുടെ മരണം സ്വാഭാവിക മരണമാണെന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

238 (3750) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നിയമം നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബലാത്സംഗം, ലൈംഗികാതിക്രമങ്ങൾ എന്നിവയിലുണ്ടായിരിക്കുന്ന വർദ്ധന മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(സി) സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനുള്ള പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമോ; പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെടുന്നത് പ്രതിരോധിക്കാനുള്ള സംവിധാനത്തിന്റെ പ്രവർത്തനം ദുർബലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) കാണാതായതും നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എത്ര; ഈ സർക്കാരിന്റെ കാലയളവിൽ ഇതിനകം എത്ര സ്ത്രീകളും കുട്ടികളും ലൈംഗീകാതിക്രമങ്ങൾക്കിരയായിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവെ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റ് തലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റ് പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയേയും അന്തസ്സിനേയും ബാധിക്കുന്നതിനാൽ സ്ത്രീകൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് സർക്കാർ തീരുമാനിക്കുകയും 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ പതിമൂന്നാം കേരള നിയമസഭയിൽ ബിൽ നമ്പർ 183 ആയി പ്രസിദ്ധീകരിക്കുകയും ഏഴാം സമ്മേളനത്തിൽ 14-2-2013-ൽ നിയമസഭയിൽ അവതരിപ്പിക്കുകയും ബിൽ ഇപ്പോൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച നിയമസഭാ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്.

(ബി) 2013 വർഷത്തെ അപേക്ഷിച്ച് 2014-ൽ ബലാത്സംഗ കേസുകളുടെ എണ്ണത്തിൽ അഞ്ച് ശതമാനവും ലൈംഗികാതിക്രമ കേസുകളുടെ എണ്ണത്തിൽ നാല് ശതമാനവും വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആഭ്യന്തര വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കാണാതായ സ്ത്രീകൾ 14908 എണ്ണവും കാണാതായ കുട്ടികൾ 5080 എണ്ണവുമാണ്. ഇതിൽ 723 സ്ത്രീകളെയും 181

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെയും ഇനിയും കണ്ടെത്താനുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ 23340-ഉം കുട്ടികൾക്കെതിരെ 4865-ഉം ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ

239 (3751) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 5-ന് സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ പിടിച്ചെടുത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് കേരളാ പോലീസ് എൻ.ഐ.എ.-യെ അറിയിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ, രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് എൻ.ഐ.എ.യെ അറിയിക്കണം എന്ന നടപടിക്രമം കേരളാ പോലീസ് പാലിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇതു മൂലം എൻ.ഐ.എ.യ്ക്ക് പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണക്കാരായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-7-2015 തീയതിയിൽ ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴ ഭാഗത്ത് കാണപ്പെട്ട FV Barroki എന്ന ബോട്ടും അതിലുണ്ടായിരുന്ന 12 വിദേശീയരെയും ഇന്ത്യൻ കോസ്റ്റ് ഗാർഡ് തടഞ്ഞുവച്ച് തുടർനടപടികൾ സ്വീകരിച്ചശേഷം 5-7-2015-ന് വിഴിഞ്ഞം തീരത്ത് കൊണ്ടുവന്ന് റിപ്പോർട്ട് സഹിതം വിഴിഞ്ഞം പോലീസിന് കൈമാറി. വിഴിഞ്ഞം പോലീസിന് കൈമാറിയ സമയത്തുതന്നെ (5-7-2015-ൽ) എൻ.ഐ.എ. ഉൾപ്പെടെയുള്ള ദേശീയ സംസ്ഥാന ഏജൻസികൾ വന്നിരുന്നതും വിദേശീയരിൽനിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. കോസ്റ്റ് ഗാർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് ക്രൈം 945/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് കേസ് ഔദ്യോഗികമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേരള സർക്കാർ 6-7-2015-ന് എൻ.ഐ.എ.-ക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly